6. തൃശ്ശൂർ 23228 രൂപ
7. പാലക്കാട് 11614 രൂപ
8. കോഴിക്കോട് 34842 രൂപ
9. കണ്ണൂർ പ്രോജക്റ്റ് ഇല്ല:

(ഡി) സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാ വിഭാഗത്തിലുമുള്ള ആളുകൾക്കും വേണ്ടിയുള്ളതാണ്. പട്ടികജാതി കാരുടെ ഇടയിൽ പരിവർത്തനം വരുത്തുന്നതിനു പ്രത്യേക പരിപാടികൾ ഒന്നും തന്നെ ഇല്ല.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

185. [14] ശ്രീ. പി.സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ എത്ര റവന്യൂ ഡിവിഷനുകൾ ഉണ്ട്; ഏതെല്ലാം ;

(ബി) കൊല്ലം ഡിസ്ട്രിക്റ്റിൽ ആദ്യമായി അനുവദിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏതു റവന്യൂ ഡിവിഷനിലാണ് സ്ഥാപിച്ചതു ;

(സി) രണ്ടാമതു ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടി കൊല്ലം ഡിസ്ട്രിക്റ്റിൽ അനുവദിച്ചിട്ടുണ്ടോ ;

(ഡി) രണ്ടാമത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അട്ടർ റവന്യൂഡിവിഷനിലെ ശാസ്താംകോട്ട സ്ഥാപിക്കുന്നതു നല്ലതാണോ എന്നു പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) രണ്ടു ; കൊല്ലം, അട്ടർ.

(ബി) കൊല്ലം റവന്യൂ ഡിവിഷനിൽ.

(സി) ഉണ്ടു.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു സ്ഥലനിർണ്ണയം ചെയ്യുന്നതു കളക്ടർ ചെയർമാനായും Regional Joint Director of Industries and Commerce, Superintending Engineer's of (B&R) and Electricity of the Concerned region ഇവർ അംഗങ്ങളായും ഉള്ള ഒരു കമ്മിറ്റിയാണ്. കമ്മിറ്റി ജില്ലയുടെ വിവിധ ഭാഗങ്ങളിലെ സൗകര്യപ്രദമായ സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷമേ തീരുമാനമെടുക്കാറുള്ളൂ. ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലിന്റെ അഭിപ്രായവും പരിഗണിക്കും. രണ്ടാമത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥലനിർണ്ണയം ആയിട്ടില്ല.

വിൽപ്പന നികുതി

186. [15] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ശരാശരി ഒരു കുടുംബം വിൽപ്പനനികുതിയിനത്തിൽ എത്ര രൂപ കൊടുക്കുന്നു;

(ബി) വിൽപ്പന നികുതിയിനത്തിൽ ഗവണ്മെന്റിലേക്ക് ഉദ്ദേശം എത്തു യുക ഇപ്പോഴും ഈടാകാനുണ്ടു ?

LIBRARY ARCHIVES Kerala Legislative Assembly